(ജ) ഫ ഫ ഠ ന-ൽ ഒരു ഹോസ്റ്റൽ പണിയുന്നതിന് ഠ ൪,൦൦൦ ക. അനുവദിച്ചിട്ടുണ്ട്. മാസത്തിൽ ന ഞ്ച ക. വാടകകൊടുത്തു് ഫ വ്യ കെട്ടിടങ്ങളിലായി കുട്ടികളെ താമസിപ്പിച്ചിട്ടുണ്ട്.

PERMITS FOR IRON—NON-DELIVERY OF

193. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ വൈ. ഡബ്ലിയു. സ.. എ-ക്കു് അടുത്തു് ഇരിമ്പിനുള്ള പെർമിറ്റു് കൊടുക്കുകയുണ്ടായോ;

(ബി) ആപ്പീസ്സിൽനിന്നും ഇഷ്യൂചെയ്യുന്ന പെർമിറ്റുകൾ കക്ഷികൾക്കു കിട്ടുന്നില്ലെന്നുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ നിവേദനം മൂലം അറിയിക്കുകയുണ്ടായോ;

(സി) അതിനു് എന്തു സാമാധാനമാണു ബഹുമാനപ്പെട്ട മന്ത്രി മറുപടിയായി നല്കിയതു്;

(ഡി) ഇത്തരം ഇഷ്യൂ ചെയ്യുന്ന പെർമിറ്റുകൾ കൃത്രിമമായി വ്യാപരിക്കുന്ന കുറെ വാളികളെ കണ്ടുപിടിച്ചു ശിക്ഷിക്കുന്ന വല്ല നടപടിയും ഗവണ്മെണ്ടു നടത്തിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉവ്വു്.

(ബി) ഇല്ല.

(സി) (ഡി) ബി.യുടെ ഉത്തരംകൊണ്ടു് ഇതിനു് ഉത്തരം ആവശ്യമില്ല.

RICE DETECTION OF

194. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ അസിസ്റ്റാണ്ടു് സപ്ലൈ ആപ്പീസ്സർ ഫ ഫ ഠ ഖ കുന്നി ഠ-ാംന-ക്കുഞ്ഞേരിയിലുള്ള ഒരു റേഷൻ പീടികയിൽനിന്നു് അരി കണ്ടെടുക്കയുണ്ടായോ;

(ബി) ഉണ്ടെന്നുവരികിൽ എത്ര പറ അരിയാണു്;

(സി) ആരുടെ റേഷൻ ഷാപ്പിൽനിന്നാണു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഫ ഫ ഠ ന കുന്നി ഫ-ാംന- കണ്ടെടുക്കുകയുണ്ടായി.

(ബി) ന്യ ൦ പറ അരി.

(സി) ക്ലുക്കുഞ്ചേരിയിൽ കെ. പി. ജോസഫിന്റെ പീടികയിൽനിന്നു്.

RATION SHOP HOLDERS—NON-PURCHASE OF CERTAIN ARTICLES—PARTICULARS OF

195. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനിപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ചിലറേഷൻ പീടികകളിൽ കൂടുതൽ ആദായം കിട്ടാത്ത ചില സാമാനങ്ങൾ (പരിപ്പു്, ഉഴുന്നു് തുടങ്ങിയ സാമാനങ്ങൾ) വില്പനക്കു വാങ്ങുന്നതേയില്ലെന്നുള്ള റേഷൻ കാർഡുകാരുടെ പരാതി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെയുടനു് ഗവണ്മെണ്ടു് എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: (എ) ഉണ്ടു്.

(ബി) അങ്ങിനെയുള്ള റേഷൻഷാപ്പുകാരുടെ പേരിൽ വേണ്ട നടപടി എടുക്കുകയും ടി സാധനങ്ങൾ ഉടനെ സ്റ്റോക്കു ചെയ്യിപ്പിക്കുകയും ചെയ്തിട്ടുണ്ടു്.

ARTICLE IN "NAVALOKAM"—PARTICULARS OF

196. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഫ ഫ ഠ ഖ കൊടം ഠ ന-ാംന-യിലെ "നവലോകം" കടലാസ്സിലെ "Commerce Member ignored—Trichur Merchants' Association protests" എന്ന പ്രസിദ്ധീകരണം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിലെ ഓരോ പ്രമേയങ്ങളുടെയും അത്യാവശ്യകതയെ ഗവണ്മെണ്ടു മനസ്സിലാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനു് എന്തെല്ലാം നടപടിയാണു് എടുത്തിട്ടുള്ളതു്;

(ഡി) അസോസിയേഷൻ പാസ്സാക്കിയിരിക്കുന്ന അഞ്ചു പ്രമേയങ്ങളിൽ എന്തെങ്കിലും ഗവണ്മെണ്ടു സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly